ജലാലുദ്ദീനേയും ഭാര്യയേയും വധിക്കാൻ ശ്രമം

65 [5209] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപുഴ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ സാം നഗറിൽ പാട്ടപ്പള്ളിൽ വീട്ടിൽ ജലാലുദ്ദീനേയും ഭാര്യയേയും വധിക്കുവാൻ ശ്രമിച്ച കേസിൽ ഗുണ്ടാസംഘത്തേയും പ്രധാന പ്രതിയേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്;

(സി) വധശ്രമത്തിന് കേസ് എടുത്തിട്ടുണ്ടോ;

(ഡി) സ്ത്രീപീഡന വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ബ്രാഞ്ച് ഇതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(എഫ്) പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കേസ് ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറസ്റ്റ് ചെയ്തിട്ടില്ല. പരാതിക്കാരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കൂട്ടായ്മ കവർച്ചയ്ക്ക് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

(ബി) ഇന്ത്യൻ ശിക്ഷാനിയമം 395-ാം വകുപ്പ് പ്രകാരം.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) കൊല്ലം ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരികയാണ്.

(എഫ്) പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

അത്തോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

66 [5210] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി പോലീസ് സ്റ്റേഷനിൽ 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ തെളിയാനുണ്ടെന്നും എത്ര കേസുകൾ റഫർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) ഇതിൽ രാഷ്ട്രീയ സംഘട്ടന കേസുകൾ എത്രയുണ്ടെന്നും അതിലെ പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുള്ളവരാണെന്നും വെളിപ്പെടുത്തുമോ;

(ഡി) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര കളവ് കേസുകൾ ഉണ്ടെന്നും അതിൽ എത്ര കേസുകളിൽ പ്രതികളെ പിടിച്ചുവെന്നും പറയാമോ?

ഉത്തരം

(എ) 2001-2002-ൽ 207 കേസുകളും 2002-2003-ൽ 207 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)

	2001-2002	2002-2003
ചാർജ് ചെയ്തവ	144	134
തെളിയാനുള്ളവ	2	21
റഫർ ചെയ്തവ	61	52

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) രജിസ്റ്റർ ചെയ്ത കളവ് കേസുകൾ .. 23
പ്രതികളെ പിടിച്ച കേസുകൾ .. 8

അരീക്കോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികൾ

67 [5211] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരി, അരീക്കോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ എത്ര കളവു കേസുകൾ രജിസ്റ്റർ ചെയ്തു;

(ബി) പ്രസ്തുത കേസുകളിലെ പ്രതികളെ മുഴുവനും അറസ്റ്റ് ചെയ്തുവോ എന്നറിയിക്കാമോ;

(സി) ഇല്ലെങ്കിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല എന്നും ഇവരെ അറസ്റ്റ് ചെയ്യാനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രതികളെ മുഴുവൻ എന്നത്തേക്ക് കസ്റ്റഡിയിലെടുക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly